പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2135

16/08/2017 ൽ മറുപടിക്ക്

# കോഴിക്കോട് ജില്ലയിലെ ഓട് കമ്പനികൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക്, കല്ലായി എന്നീ മേഖലകളിലെ ഓട് കമ്പനികൾ കളിമണ്ണ് ലഭിക്കാത്തതുമൂലം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008 ലെ നെൽ വയൽ നീർത്തട നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കുവാൻ സാധിക്കുകയുള്ളു. നിലവിലെ സാഹചര്യത്തിൽ കളിമൺ ഖനനത്തിന് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് എൻവിയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നും എൻവിയോൺമെന്റൽ ക്ലീയറൻസ് സമ്പാദിക്കേണ്ടതുണ്ട്. കൂടാതെ ജില്ലാ കളക്ടർ തന്നെ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ തല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറിൽ നിന്നും നിരാക്ഷേപ പത്രം കൂടി ആവശ്യമാണ്. ഈ രണ്ടു സർട്ടിഫിക്കറ്റുകളും നൽകേണ്ടത് ജില്ലാ കളക്ടർ തന്നെയായതിനാൽ മേൽപറഞ്ഞ നിരാക്ഷേപ പത്രം ഒഴിവാക്കുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ |
| ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനും തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനും എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ? | | |

പരിഗണനയിലാണ്. കൂടാതെ കോഴിക്കോട് ജില്ലയിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമികളിൽ കളിമൺ ഖനനം സാധ്യമായ സ്ഥലങ്ങളെ സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് തയ്യാറാക്കി വരുന്നു. ഇത്തരം സ്ഥലങ്ങളിൽ പാരിസ്ഥിതികാനുമതിയോടുകൂടി ഖനനാനുമതി ലഭിക്കുന്നതിനുവേണ്ട നടപടികൾ ബന്ധപ്പെട്ടവർക്ക് സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ